# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3348** **11.05.2017-ൽ മറുപടിക്ക്**

## കൊയിലാണ്ടി നഗരത്തിലെ വൈദ്യുതി തടസ്സത്തിന് പരിഹാരം

| | ചോദ്യം<br>ശ്രീ. കെ. ദാസൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത കോഴിക്കോട് വെച്ച് നടന്ന യോഗത്തിൽ കൊയിലാണ്ടി മണ്ഡലത്തിന്റെ ആവശ്യങ്ങളായി അവതരിപ്പിക്കപ്പെട്ടത് എന്തെല്ലാം കാര്യങ്ങളായിരുന്നു എന്നത് വിശദമാക്കാമോ; | (എ) | 30.07.2016-ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രി കോഴിക്കോട് വെച്ച് നടത്തിയ യോഗത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ കൂടാതെ കൊയിലാണ്ടി മണ്ഡലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങൾ അവതരിപ്പിക്കപ്പെട്ടു.<br>1. കൊയിലാണ്ടിയിലെ വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കുന്നതിന് കൊയിലാണ്ടിയിലേക്ക് ഒരു ഡെഡിക്കേറ്റഡ് ഫീഡറിന്റെ ആവശ്യകതയും നിലവിലുള്ള ചെങ്ങോട്ടുകാവ്, ചിങ്ങപുരം, നന്ദി, കൊയിലാണ്ടി ഫീഡറുകൾ ഓവർ ലോഡഡ് ആണ് എന്നതും റെയിൽവേയുടെ അനുവാദത്തോടുകൂടി ഓവർ ബ്രിഡ്ജിൽ കൂടി ഭൂഗർഭ കേബിൾ വലിച്ചാൽ ഡെഡിക്കേറ്റഡ് ഫീഡർ സാധ്യമാകുന്നതാണ് എന്നതും ചൂണ്ടികാണിക്കുകയുണ്ടായി.<br>2. കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനടുത്ത് ഇറിഗേഷന്റെ സ്ഥലം കെ.എസ്.ഇ.ബി ഏറ്റെടുത്ത് അവിടെ ഒരു സബ്സ്റ്റേഷൻ അനുവദിക്കണം എന്നതും അതിനോട് ചേർന്ന് കെട്ടിടമുണ്ടാക്കി ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി നോർത്ത് സെക്ഷനും |

| | | | |
|---|---|---|---|
| | | | കൊയിലാണ്ടി സബ്ഡിവിഷൻ ഓഫീസും ഷിഫ്റ്റ് ചെയ്യണം എന്നതും.<br>3. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി സൗത്ത് സെക്ഷനെയും ബോർഡിന്റെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റണം എന്ന ആവശ്യം.<br>4. കൊയിലാണ്ടി സൗത്ത് സെക്ഷൻ വിഭജിച്ച് ചെങ്ങോട്ടുകാവ് ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസും കൊയിലാണ്ടി ആസ്ഥാനമാക്കി ഒരു ഡിവിഷൻ ഓഫീസും രൂപീകരിക്കണം എന്ന ആവശ്യം.<br>5. നിലവിലുള്ള 110 കെ.വി കൊയിലാണ്ടി സബ്സ്റ്റേഷനിൽ നിന്നും റെയിൽ കടന്ന് കൂടുതൽ ഫീഡറുകൾ നിർമ്മിച്ച് വൈദ്യുതി തടസ്സങ്ങൾ പരിഹരിയ്ക്കുക, പുതിയ ഒരു സബ്സ്റ്റേഷൻ ടൗണിൽ സ്ഥാപിക്കുക. |
| (ബി) | ഈ ആവശ്യങ്ങളിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | 110 കെ.വി കന്നൂർ സബ്സ്റ്റേഷനിൽ നിന്നും പന്തലായനി പ്രദേശത്ത് വരെ നിർമ്മിച്ചിട്ടുള്ള 11 കെ.വി നന്ദി ഫീഡർ റെയിൽ ക്രോസ് ചെയ്ത് കൊയിലാണ്ടി ടൌണിൽ എത്തിക്കുന്ന പ്രവൃത്തി (നന്ദി ഫീഡറിന്റെയും കൊയിലാണ്ടി ഫീഡറിന്റെയും ഇന്റർ ലിങ്കിംഗ് പ്രവൃത്തി) പൂർത്തീകരിച്ചു. റെയിൽവേയുടെ അനുമതി കിട്ടിയാലുടൻ ഫീഡർ എനർജൈസ് ചെയ്ത് കൊയിലാണ്ടി ടൗണിൽ വൈദ്യുതി വിതരണം കാര്യക്ഷമമായി നടത്താൻ സാധിക്കും. നിലവിൽ ഓവർഹെഡ് ലൈൻ ആയി നിർമ്മിച്ചിരിക്കുന്ന കൊയിലാണ്ടി ഫീഡറിൽ വൈദ്യുതി തടസ്സം സ്ഥിരമായി ഉണ്ടാകുന്നതിനാൽ ഇതിനു പകരമായി ഭൂഗർഭ കേബിൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് റെയിൽവേ ഓവർബ്രിഡ്ജ് വഴി കടന്നുപോകേണ്ടതിനാൽ |

റെയിൽവേയുടെ അനുമതി ആവശ്യമാണ്. ഇത് സംബന്ധിച്ച പ്രൊപ്പോസൽ റെയിൽവേയുടെ അനുമതിയ്ക്കായി അയച്ചിട്ടുണ്ട്. ഇത് കൂടാതെ കൊയിലാണ്ടി ഹാർബറിലേക്ക് മാത്രമായി 11 കെ.വി ABC (Arial Bunched Cable) നിർമ്മിക്കുന്ന പ്രവൃത്തി 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കൈവശമുള്ള സ്ഥലം സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ലഭിക്കുകയാണെങ്കിൽ ടി സ്ഥലത്ത് വിതരണ വിഭാഗം ഓഫീസുകൾകൂടി മാറ്റി സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്ന താണ്.
2. സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്തോ വ്യക്തികൾ/ സംഘടനകളോ സൗജന്യമായി ലഭ്യമാക്കുകയാണെങ്കിൽ ടി സ്ഥലത്ത് വടകര സൌത്ത് സെക്ഷൻ ഓഫീസിനായി സ്വന്തം കെട്ടിടം നിർമ്മിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.
3. പുതിയ ഓഫീസുകൾ അനുവദിക്കുന്നതിനു പകരം നിലവിലുള്ള ഓഫീസുകളിലെ കസ്റ്റമർ കെയർ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള ഓഫീസുകൾ പുന:ക്രമീകരിച്ച് ഉപഭോക്താക്കൾക്കുള്ള സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകി വരുന്നത്. ഇതിനാൽ കൊയിലാണ്ടി സൗത്ത് സെക്ഷൻ വിഭജനം, കൊയിലാണ്ടി ഡിവിഷൻ ഓഫീസ് രൂപീകരണം എന്നിവ ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല.
4. കൊയിലാണ്ടി 110 കെ.വി സബ്സ്റ്റേഷനിൽ നിന്നും കൂടുതൽ

| | | | |
|---|---|---|---|
| | | | ഫീഡറുകൾ നൽകുന്നതിനായി 10 പാനൽ സെറ്റ് മാറ്റി 15 പാനൽ സെറ്റ് സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഒരു മാസത്തിനകം പണി പൂർത്തിയാകും.<br>5. സബ്സ്റ്റേഷനുവേണ്ടി ജലസേചന വകുപ്പിന്റെ കീഴിലുള്ള സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>6. വടകര-കൊയിലാണ്ടി ലൈൻ ഇരട്ടിപ്പിക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ഒരു മാസത്തിനകം പൂർത്തിയാകും. |
| (സി) | കൊയിലാണ്ടി നഗരത്തിലെ വൈദ്യുതി തടസ്സത്തിന് പരിഹാരമായി കൊയിലാണ്ടിയിൽ 110 കെവി സബ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | ജലസേചന വകുപ്പിന്റെ സ്ഥലം സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൈമാറ്റം ചെയ്യുന്നതിന് വകുപ്പുതല കൈമാറ്റ നടപടികൾ സ്വീകരിച്ചു വരുന്നു. |

Hemalatha

**സെക്ഷൻ ഓഫീസർ**